പ്രത്യേക പരിഗണന നൽകുന്നുണ്ട്. കായികതാരങ്ങളെ തരംതിരിച്ച് പ്രത്യേക പ്രോൽസാഹനങ്ങളും നൽകാൻ പരിപാടിയില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

അരുവിപ്പുറം കടവ് പാലം നിർമ്മാണത്തിനുള്ള നടപടി

907 [1435] ശ്രീമതി. ഭാർഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തും സ്പോർട്സും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് താലൂക്കിൽ (തിരുവനന്തപുരം ജില്ല) മിതൃമ്മല-അരുവിപ്പുറം റോഡിൽ അരുവിപ്പുറം കടവ് പാലം നിർമ്മാണത്തിനുള്ള എന്തെങ്കിലും നടപടി ഗവൺമെൻറ് സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര തുകയാണ് നീക്കിവെച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) പണി എന്നേക്ക് പൂർത്തിയാക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ പാലത്തിന്റെ പണി ആരംഭിച്ചുകഴിഞ്ഞു.

(ബി) ഈ വർഷത്തെ ബഡ്ജറ്റിൽ 50,000 രൂപയുടെ വിഹിതം ഈ ജോലിക്ക് ഉൾക്കൊള്ളിച്ചിട്ടുണ്ട്.

(സി) 1980 അവസാനം ആകുമ്പോഴേക്കും ഇതിന്റെ പണി പൂർത്തിയാക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

ചാലിയംപുഴക്ക് പാലം

908 [1440] ശ്രീ. എൻ.പി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലിയംപുഴക്ക് പാലം കെട്ടി കരുവന്തുരുത്തിയും ചാലിയവും ബന്ധപ്പെടുത്തുവാനുള്ള വല്ല നടപടിയും സർക്കാർ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ പ്രവർത്തനം എവിടെവരെ എത്തി?

ഉത്തരം

(എ) ഇല്ല.

(ബി) 'എ' വിഭാഗത്തിന്റെ ഉത്തരം കാണുക.

മി. സ്പീക്കർ, ഓർഡർ, ഓർഡർ, ചോദ്യോത്തരസമയം കഴിഞ്ഞു.

II. അടിയന്തിര പ്രമേയം

കേരള സ്റേറേറ് ബാംബൂ കോർപ്പറേഷൻ ഹെഡ് ഓഫീസിലും ഡിപ്പോകളിലും ലോക്കൗട്ട് പ്രഖ്യാപിച്ചതിനെ തുടർന്നുണ്ടായ ഗുരുതരാവസ്ഥ

മി. സ്പീക്കർ: കേരളാ സ്റേറേറ് ബാംബൂ കോർപ്പറേഷൻ ഹെഡ് ഓഫീസും 50-ൽപരം ഡിപ്പോകളും അടച്ചുപൂട്ടി ലോക്കൗട്ട് പ്രഖ്യാപിച്ചതിന്റെ ഫലമായി 50,000-ത്തിൽപരം പേർക്ക് തൊഴിൽ ഇല്ലാതായതിനെ തുടർന്ന് ഉളവായിരിക്കുന്ന

9.30 a.m.]

LIBRARY ARCHIVES Kerala Legislative Assembly